# കേരള നിയമസഭ
## 03.11.2011-ലെ മറുപടിക്ക്

പൊന്നാനി മുതല്‍ തൃശ്ശൂര്‍ വരെയുള്ള പാടശ്ശേഖരങ്ങളുടെ സമഗ്രവികസനം

7279 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍
,, ബാബു എം. പാലിശ്ശേരി
,, എം. ഹംസ
,, വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊന്നാനി മുതല്‍ തൃശ്ശൂര്‍ വരെയുള്ള പാടശ്ശേഖരങ്ങളുടെ സമഗ്രവികസനത്തിനുതകുന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കില്‍ തയ്യാറാക്കിയ സമഗ്രപദ്ധതി എന്താണെന്ന് വിശദമാക്കാമോ; ഈ പദ്ധതിക്ക് അന്തിമ രൂപം നല്‍കുന്നതിന് മുമ്പായി കര്‍ഷക സംഘടനകളുടെ പ്രതിനിധികളുമായി ചര്‍ച്ച ചെയ്തിട്ടുണ്ടോ;

(സി) പദ്ധതി കേന്ദ്രാനുമതിക്കായി സമര്‍പ്പിച്ചിട്ടുണ്ടോ; കേന്ദ്രത്തില്‍ നിന്നും എന്തു തുക സഹായമായി പ്രതീക്ഷിക്കുന്നുവെന്നറിയിക്കുമോ?

# കേരള നിയമസഭ
## 03.11.2011-ലെ മറുപടിക്ക്

തഴക്കരയിൽ മാലിന്യ സംസ്കരണ പ്ലാന്റ്

7291 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

തഴക്കര പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ജില്ലാ കൃഷി തോട്ടത്തിൽ ജില്ലയിലെ മുഴുവൻ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനായി തീരുമാനമെടുത്തിട്ടുണ്ടോ; ഇത് സംബന്ധിച്ച എന്തെങ്കിലും ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; എങ്കിൽ എന്ന്; ഇതിനെതിരെ ഉയരുന്ന ജനകീയ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 03.11.2011-ലെ മറുപടിക്ക്

ലാബുകളുടെ സൗകര്യങ്ങൾ

7310 ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി
,, കെ. മുഹമ്മദുണ്ണി ഹാജി
,, എൻ. ഷംസുദ്ദീൻ
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ണ്, വളം, കീടനാശിനി തുടങ്ങിയവയുടെ സാമ്പിളുകൾ പരിശോധിക്കുന്നതിന് കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലാബുകളുടെ സൗകര്യങ്ങൾ പ്രതീക്ഷിത കാർഷിക മേഖലയുടെ വളർച്ചയ്ക്ക് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ പരിശോധനാ സംവിധാനത്തിൽ കാലോചിതമായ പരിഷ്ക്കരണ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് നിലവിലുള്ള ലാബുകളുടെ സൗകര്യങ്ങളെക്കുറിച്ച് വിശദവിവരം നൽകാമോ;

(ഡി) കാർഷിക വിളകൾക്കുണ്ടാകുന്ന രോഗങ്ങളെ സംബന്ധിച്ച പരിശോധനയ്ക്ക് പ്രസ്തുത ലാബുകൾ ഉപയുക്തമാകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.11.2011-ലെ മറുപടിക്ക്

<u>കേളപ്പജി സ്ക്വയർ</u>

7312 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തവനൂർ കേളപ്പജി കാർഷിക എഞ്ചിനീയറിംഗ് കോളേജിന്റെ കോമ്പൗണ്ടിൽ കേളപ്പജി സ്ക്വയർ എം. എൽ. എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് 2 സെന്റ് സ്ഥലം തവനൂർ അങ്ങാടിയുടെ ഭാഗത്ത് നൽകണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം. എൽ. എ. കൃഷിവകുപ്പ് മന്ത്രിക്ക് നൽകിയ മെമ്മോറാണ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ നിവേദനം ആവശ്യമായ നടപടികൾക്കായി കാർഷിക സർവ്വകലാശാലയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ടോ;

(സി) എങ്കിൽ തീയതിയും, ഫയൽ നമ്പറും വ്യക്തമാക്കുമോ;

(ഡി) സ്ഥലം വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട തീരുമാനം ഏതുവരെയായി;

(ഇ) എന്ന് രണ്ട് സെന്റ് സ്ഥലം കൈമാറുമെന്ന് അറിയിക്കുമോ?

